(എഫ്) പദ്ധതി കമ്മിഷൻ ചെയ്യുന്നതു സംബന്ധിച്ച് ഏതെങ്കിലും വകുപ്പു ഉദ്യോഗസ്ഥൻമാർ എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നതായി അറിയുമോ;

(ജി) എങ്കിൽ അതു പാലിക്കപ്പെട്ടിട്ടുണ്ടോ;

(എച്ച്) പദ്ധതി കമ്മിഷൻ ചെയ്യാൻ കാലതാമസം ഉണ്ടായപ്പോൾ ഗ്രാമ പഞ്ചായത്ത് സമിതി എം.ഡി.യുടെ ആഫീസിൽ ഉപവാസം അനുഷ്ഠിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ അതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1991 ൽ.

(ബി) 76.65 ലക്ഷം.

(സി) 136 ലക്ഷം.

(ഡി) കമ്മിഷൻ ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നൽകിയിരുന്നില്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) പുതിയ സ്കീമിൽ നിന്നും ഒരു പമ്പിംഗ് മെയിൽ സ്ഥാപിച്ച്, പള്ളിച്ചലിൽ സ്ഥാപിച്ചിട്ടുള്ള ജലസംഭരണിയിൽ വെള്ളമെത്തിക്കുവാനായി 8.17 ലക്ഷം രൂപ ചെലവു കണക്കാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന് 18.3.99-ൽ അംഗീകാരം നൽകുകയും, ആയതിനുവേണ്ടിയുള്ള ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണി പൂർണ്ണമായും പൂർത്തിയാക്കുവാൻ 3.40 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. ഇത് പള്ളിച്ചൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്കായി വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ ധാരണയായിട്ടുണ്ട്. ഈ പണികൾ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കി പള്ളിച്ചലിൽ സ്ഥാപിച്ചിട്ടുള്ള ജലസംഭരണിയിൽ വെള്ളമെത്തിച്ച് ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

80 (2771) ജലസേചനവകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന എസ്. എൽ.ആർ./സി.എൽ.ആർ. തൊഴിലാളികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന എസ്.എൽ. ആർ/സി.എൽ.ആർ. തൊഴിലാളികൾക്ക് ഇപ്പോൾ നല്കിവരുന്ന വേതനം എത്ര;

(ബി) സർക്കാർ സർവീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ദിവസവേതനക്കാരുടെ വേതനം വർദ്ധിപ്പിച്ചതുപോലെ ജലസേചനവ

LIBRARY ARCHIVES Kerala Legislative Assembly

കുപ്പിലെ എസ്.എൽ.ആർ./സി.എൽ.ആർ. കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ചിമ്മിനി ഡാമിലെ സീനിയോറിറ്റി ലിസ്റ്റിൽനിന്ന് എത്ര പേരെ എസ്.എൽ.ആർ. ക്കാരായി നിയമിച്ചി; ഇനി എത്ര പേരെ നിയമിക്കാനുണ്ട്;

(ഡി) ജലസേചനവകുപ്പിൽ ചെങ്ങന്നൂർ, പി.ഐ.പി. യിൽ എത്ര എസ്.എൽ.ആർ/സി.എൽ.ആർ. തൊഴിലാളികൾ ഉണ്ട്; കനാൽ ജോലികളും സംരക്ഷണപ്രവർത്തനത്തിനുമായി ഈ തൊഴിലാളികൾക്ക് ജോലി നല്കുന്നതിൽ വീഴ്ച വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എസ്.എൽ.ആർ. തൊഴിലാളികളുടെ വേതനം ഇപ്രകാരമാണ്.

1. സ്കിൽഡ് വർക്കർ-500-7-570-8-600-(+വേരിയബിൾ ഡി.എ.)

2. അൺസ്കിൽഡ് വർക്കർ-450-6-510-7-580(+വേരിയബിൾ ഡി.എ.)

19.5.83-നുശേഷം സി.എൽ.ആർ. തസ്തിക ഇല്ല.

(ബി) എസ്.എൽ.ആർ. ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) 1. 285 പേരെ നിയമിച്ചിട്ടുണ്ട്.

2. 80 പേരെ നിയമിക്കാനുണ്ട്.

(ഡി) ഒരു എസ്.എൽ.ആർ. ജീവനക്കാരനുണ്ട്. സി.എൽ.ആർ. തസ്തിക ഇപ്പോൾ നിലവിലില്ല. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

81 (2772) ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറായിട്ടുണ്ടോ;

(ബി) എങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എപ്പോഴാണെന്നും ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രൊമോഷൻ മുഖേന എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ എണ്ണം (അനുവദിക്കപ്പെട്ടതും ഇപ്പോൾ നിലവിലുള്ളതും വെവ്വേറെ) ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് എന്നീ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിലേക്കുള്ള പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly